## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ,തൃശ്ശൂർ ജില്ല

പ്രവചന കാലയളവ് 18.11.2022 മുതൽ 23 .11.2022 വരെ

വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ
കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും
ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്

| എ എ എസ് ബുള്ളറ്റിൻ നമ്പർ 46/2022,(92) വെള്ളിയാഴ്ച്ച | തീയ്യതി 18/11/2022 |
|---|---|

### 1. കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി:

| മഴ (മി.മി) | ഉയർന്ന താപനില (°C) | കുറഞ്ഞ താപനില (°C) | കൂടിയ അന്തരീക്ഷ ആർദ്രത (%) | കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | കാറ്റിന്റെ വേഗത (കിലോമീറ്റർ/ മണിക്കൂർ) | സൂര്യപ്രകാശ ത്തിന്റെ അളവ് (മണിക്കൂർ) | ബാഷ്പീകര ണം (മി.മി) |
|---|---|---|---|---|---|---|---|
| (16.5) | (28.4-33.9) | (22.4-24.6) | (67-95) | (53-92) | 0.5-37) | (0.0-9.5) | (1.1-4.2) |

### 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :

| കാലാവസ്ഥാ ഘടകങ്ങൾ | 19.11.2022 | 20.11.2022 | 21.11.2022 | 22.11.2022 | 23.11.2022 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 0 | 0 | 0 | 0 | 0 |
| ഉയർന്ന താപനില (°C) | 34 | 34 | 34 | 32 | 32 |
| കുറഞ്ഞ താപനില (°C) | 24 | 24 | 24 | 24 | 24 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 80 | 80 | 80 | 80 | 80 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 70 | 70 | 70 | 70 | 70 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 3 | 2 | 2 | 2 | 2 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 270 | 270 | 270 | 320 | 320 |
| മേഘ വ്യാപ്തി (ഒക്ടാ ) | 4 | 3 | 3 | 2 | 2 |

കാലാവസ്ഥാ അറിയിപ്പ് : ജില്ലയിൽ മഴ ഇല്ലാത്ത സാഹചര്യത്തിലും വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാലും ആവശ്യഘട്ടങ്ങളിൽ വിളകൾക്ക് നന കൊടുക്കേണ്ടതാണ്. കേരളത്തിൽ ശരാശരിയേക്കാൾ കുറവ് മഴയ്ക്ക് സാധ്യത.

**അടുത്ത് അഞ്ച് ദിവസത്തേക്കുള്ള മഴയുടെ പ്രവചനം**

| 2022 നവംബർ 19 | 2022 നവംബർ 20 | 2022 നവംബർ 21 | 2022 നവംബർ 22 | 2022 നവംബർ 23 |
|---|---|---|---|---|
| മഴ ഇല്ല | മഴ ഇല്ല | മഴ ഇല്ല | മഴ ഇല്ല | മഴ ഇല്ല |

### 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

പൊതു നിർദേശങ്ങൾ : വിളകളിൽ രോഗകീടങ്ങൾ പടരാതെ നിയന്ത്രിക്കുന്നതിനായി മുൻകരുതലുകൾ എടുക്കുക.

| വിളകൾ | രോഗകീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് മുണ്ടകൻ (ചിനപ്പ് പൊട്ടുന്ന പരുവം) | ഓലച്ചുരുട്ടിപ്പുഴ | മൂടിക്കെട്ടിയ അന്തരീക്ഷ സ്ഥിതി തുടരുമ്പോൾ നെല്ലിൽ ഓലചുരുട്ടിപ്പുഴുവിനെ കാണാൻ സാധ്യതയുണ്ട്. ഇവയെ നിയന്ത്രിക്കുന്നതിനായി 3 മില്ലി ക്ലോറാൻട്രാനിലിപ്രോൾ പത്ത് ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച തളിക്കുക. |
| കുരുമുളക് | സാവധാന വാട്ടം | കുരുമുളകിൽ കാണുന്ന സാവധാന വാട്ടരോഗത്തെ നിയന്ത്രിക്കുന്നതിനായി മൂന്ന് ഗ്രാം കോപ്പർ ഓക്സിക്ലോറൈഡ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി ഓരോ ചെടിയുടെ ചുവട്ടിലും മണ്ണ് കുതിരത്തക്ക വണ്ണം ഒഴിച്ചു കൊടുക്കുക. |
| കവുങ്ങ് | തടിതുരപ്പൻ വണ്ട് | കവുങ്ങിലെ തടിതുരപ്പൻ വണ്ട് കവുങ്ങിൻ തൈയുടെ മണ്ടയിൽ നിന്നും ഒരടി താഴെ മൊട്ടുസൂചി വലിപ്പത്തിൽ ദ്വാരങ്ങളുണ്ടാക്കി കമുകിൻതടിയെ ആക്രമിക്കുന്നു. കീടാക്രമണം കാണപ്പെട്ട തോട്ടങ്ങളിൽ 2 മില്ലി ക്വിനാൽഫോസ് 25 EC അല്ലെങ്കിൽ 2.5 മില്ലി ക്ലോർപൈറിഫോസ് 20 EC ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് തടിയിൽ തേച്ചുകൊടുക്കുകയും, തടിയിലുള്ള സുഷിരങ്ങളിലൂടെ സിറിഞ്ചുപയോഗിച്ചു കുത്തി വെയ്ക്കുകയും ചെയ്യുന്നത് വഴി ഈ കീടത്തെ ഒരു പരിധി വരെ നിയന്ത്രിക്കാം. |
| പച്ചക്കറികൾ- പാവൽ | പച്ചത്തുള്ളൻ | പാവലിൽ പച്ചത്തുള്ളന്റെ ആക്രമണം കാണാൻ സാധ്യതയുണ്ട്. അവയെ നിയന്ത്രിക്കാൻ 2 ഗ്രാം തയോമെത്തോക്സാം 10 ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |

മൃഗസംരക്ഷണം-: എലി ശല്ല്യത്തിനും ബാഹ്യപരാദങ്ങൾക്കും എതിരെ ജാഗ്രത പുലർത്തുക. പനിയോ മഞ്ഞപ്പിത്തത്തിന്റെ മറ്റു ലക്ഷണങ്ങളോ കാണുന്ന പക്ഷം ഉടനെ വെറ്റിനറി ഡോക്ടറുടെ നിർദ്ദേശപ്രകാരം രക്തപരിശോധന നടത്തി രോഗനിർണ്ണയം നടത്തുക . (CAADECCS, KVASU, Mannuthy).